# Athmaraksha.org

ലേഖനം - സാത്താന്റെ പ്രവർത്തനങ്ങൾ

## കന്യാസ്ത്രീകളെ വധിച്ചാൽ ക്രിസ്തു ഇല്ലാതാകുമോ?



യേശുക്രിസ്തു ഇന്നും ജീവിക്കുന്നു എന്നതിന് ഇതാ തെളിവുംകൂടി. മാർച്ച് നാല്, ആദ്യവെള്ളിയാഴ്ച അവന്റെ പീഡകളുടെ ഓർമപ്പെടുത്തലുകളുമായി യമനിൽ നാലു സന്യാസിനികളടക്കം 16 പേർ കൊല്ലപ്പെട്ടു. തീവ്രവാദികൾ വീണ്ടും തോറ്റു. ക്രിസ്തുവിന്റെ പേരിൽ ഓരോ ജീവൻ പൊലിയുമ്പോഴും അത് സൂചിപ്പിക്കുന്നത് ശത്രുവിന്റെ പരാജയമാണ്. ഹേറേദോസ്, നീറോ തുടങ്ങി അനേകം വ്യക്തികൾ പ്രയത്നിച്ച് തോൽവിയേറ്റുവാങ്ങിയ അതേ നയങ്ങളാണ് വീണ്ടും തീവ്രവാദികൾ പയറ്റുന്നത്. വിഡ്ഢികൾ.

മറ്റുള്ളവനെ കൊന്നതിലൂടെ വിജയം സാധിക്കും എന്ന് വിശ്വസിക്കുന്ന ഭീരുക്കൾ. അതെ, സത്യത്തിൽ അവർ ഭീരുക്കളാണ്. ക്രിസ്ത്യാനികളെ ജീവിക്കാൻ അനുവദിച്ചാൽ ലോകത്ത് നന്മ തഴച്ചു വളരും എന്ന് കരുതുന്ന ഭീരുക്കൾ. പക്ഷേ, അവർ തിരിച്ചറിയുന്നില്ലല്ലോ ക്രിസ്ത്യാനികളുടെ ശിരസ് തകർന്നാലും നന്മയാകുന്ന ക്രിസ്തു വളരുകതന്നെ ചെയ്യുമെന്ന്. ഇതാ മാർപാപ്പ യെമനിൽ ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ട കന്യാസ്ത്രീകൾ രക്തസാക്ഷികളെന്ന് ലോകത്തോട് വിളിച്ച് പറഞ്ഞിരിക്കുന്നു. ത്രികാല ജപ പ്രാർഥനാവേളയിൽ മരണമടഞ്ഞ കന്യാസ്ത്രീകളെ ഓർമ്മിച്ചപ്പോഴാണ് പാപ്പ ഇങ്ങനെ പറഞ്ഞത്. അപ്പോൾ പിന്നെയും ശത്രു തോറ്റിരിക്കുന്നു.

കുറച്ചൊക്കെ ചരിത്രം ഏതൊരു ശത്രുവും അറിഞ്ഞിരിക്കുന്നത് നല്ലതാണ്. 'രക്തസാക്ഷികളുടെ ചുടുനിണം വീണ് കുതിർന്ന മണ്ണിൽ സഭാതരു തഴച്ചുവളരും' എന്ന് പറഞ്ഞത് വിശുദ്ധ തെർത്തുല്യനാണ്. അതും രണ്ടാം നൂറ്റാണ്ടിൽ. പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു പറഞ്ഞു: 'ക്രിസ്ത്യാനികളെ കൂടുതൽ ആക്രമിക്കുന്നതിലൂടെയും പീഡിപ്പിച്ചു കൊല്ലുന്നതിലൂടെയും അവർ ശക്തിയോടെ വളരുകയേ ഉള്ളൂ. അവരെ നശിപ്പിക്കണമെങ്കിൽ ഒരേ ഒരു ഉപാധിയേ ഉള്ളൂ, അവരെ ആക്രമിക്കാതിരിക്കുക.' സത്യമാണത്; സഭയുടെ പേരിൽ അനേകർ കൊല്ലപ്പെട്ടില്ലായിരുന്നുവെങ്കിൽ സഭ ഇത്രയും വളരുകയില്ലായിരുന്നു. ഓരോ രക്തസാക്ഷിയും ലോകത്തോട് വിളിച്ചു പറയുന്നത് ക്രിസ്തു ഇന്നും മരിച്ചിട്ടില്ല എന്നുതന്നെയാണ്.

ക്രിസ്തുവിന്റെ പേരിൽ കുറച്ചുപേർ കൂടി കൊല്ലപ്പെട്ടു എന്നറിഞ്ഞതിൽ ദുഃഖമുണ്ട്. മദർ തെരേസ

സന്യാസിനികളുടെ ജീവനറ്റ കിടക്കുന്ന ശരീരങ്ങൾ മാധ്യമങ്ങളിൽ കണ്ടപ്പോൾ കണ്ണുകൾ നിറഞ്ഞു. ഈശോയുടെ ദാരുണമായ അന്ത്യം നിറമിഴികളോടെ കണ്ടുനിന്ന മറിയത്തിന്റെ ഹൃദയം ഭേദിക്കപ്പെട്ടതുപോലെ നമ്മുടെ ഹൃദയങ്ങളും മുറിയപ്പെടുന്നുണ്ട്. അത് ക്രിസ്തുവിനോടും സഭയോടുമുള്ള സ്നേഹത്തിന്റെ പ്രതീകമാണ്. എത്രയോ പേർക്ക് അന്നം വിളമ്പേണ്ടതും എത്രയോ പേരുടെ മുറിവുകൾ വച്ചുകെട്ടേണ്ടതുമായ കരങ്ങളാണ് നിശ്ചലമായത്. പുണ്യപ്രവൃത്തികൾ ചെയ്യുവാൻ എത്രയോ കാതങ്ങൾ സഞ്ചരിക്കേണ്ട പാദങ്ങളാണ് ചലനമറ്റത്. അവന്റെ നാമസ്തുതികൾ ആലപിച്ച് ശത്രുവിന്റെ ക്ഷേമത്തിനുവേണ്ടിയും പ്രാർത്ഥിച്ചിരുന്ന അധരങ്ങളാണ് നിശബ്ദമായത്. അവന്റെ സ്നേഹംകൊണ്ട് ലോകത്തിനുവേണ്ടി മിടിച്ചിരുന്ന ഹൃദയങ്ങളാണ് സ്തംഭിച്ചുപോയത്. എന്നിരുന്നാലും ഒന്ന് തിരിച്ചറിയുക; ഇവയെല്ലാം സംഭവിച്ചാലും ക്രിസ്തുമാത്രം മരിച്ചിട്ടില്ല.

അവന്റെ നിണം ഇന്നും അനേകരുടെ സിരകളിലൂടെ ഒഴുകുന്നുണ്ട്. ക്രിസ്ത്യാനികളെ പീഡിപ്പിച്ചിരുന്ന ഓരോ വാർത്തകൾ അറിയുമ്പോഴും ഒരു ക്രിസ്ത്യാനി ആയതിൽ എനിക്ക് അഭിമാനം തോന്നുന്നു. 'എന്റെ പേരിൽ നിങ്ങളെ അവർ വധിക്കും... എന്നാൽ, അവസാനംവരെ പിടിച്ചുനിൽക്കുന്നവൻ രക്ഷ പ്രാപിക്കും' (മത്താ. 24:1013) എന്ന ക്രിസ്തുമൊഴികളിൽ ഞാൻ ഇന്നും വിശ്വസിക്കുന്നു. അവനുവേണ്ടി മരിച്ചുവീണ സന്യാസിനികളോടും മറ്റനേകരോടും എനിക്ക് അസൂയ തോന്നുന്നു. അവസാനംവരെ പിടിച്ചുനിന്ന അവർ തീർച്ചയായും രക്ഷ നേടിയിരിക്കുന്നു.

സംഭവത്തിന്റെ ഉത്തരവാദിത്വം ഐഎസോ അൽക്വയ്ദയോ ഒന്നും ഏറ്റെടുത്തിട്ടില്ല. അതിനാൽ സംഭവം സംബന്ധിച്ച യാതൊരു സൂചനയും നിലവിൽ ലഭ്യമല്ല. അതിനാൽ ഇത് വായിക്കുന്നവരോട് ഒരപേക്ഷ. തീവ്രവാദികളോടുള്ള വെറുപ്പ് മനസിൽ വച്ചുപുലർത്തരുത്. ശത്രുവിന്റെ ശിരസ് തകർക്കുന്ന മറിയത്തോട് നമുക്ക് പ്രാർത്ഥിക്കാം. അവരുടെ അറിവില്ലായ്മയും അഹന്തയും തകർത്ത് അനുതാപത്തിലേക്ക് അവരെ നയിക്കാനും ക്രിസ്തുവിനുവേണ്ടി വധിക്കപ്പെട്ടവരുടെ രക്തം ശത്രുക്കൾക്കുവേണ്ടികൂടി പ്രാർത്ഥിക്കുന്നുണ്ട്. അവരോടൊപ്പം നമുക്കും കരങ്ങളുയർത്താം.

കടപ്പാട് : ഫാ. ജെൻസൺ ലാസലെറ്റ്,
in.sundayshalom.com